**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർ പേഴ്സണും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ - ഷാനവാസ്. എസ്, IAS)*

വിഷയം: കോവിഡ് 19 രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നോഡൽ ഓഫീസർമാരെ നിയമിച്ച് ഭേദഗതി ഉത്തരവാകുന്നു.

പരാമർശം: 01 :സർക്കാർ ഉത്തരവ് (സാധ) നമ്പർ 768/2020/ഡി എം ഡി തീയതി: 29.09.2020

02 :സർക്കാർ ഉത്തരവ് സാധ നമ്പർ 774/2020/ഡി എം ഡി തീയതി 01.10.202

03: സ.ഉ(ആർ.റ്റി)932/2021/LSGD തിയതി 29.04.2021.

04. ഈ കാര്യാലയത്തിൽ നിന്നുള്ള 05.05.2021 ലെ ഇതേ നമ്പർ നടപടിക്രമം.

05:ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്,തൃശ്ശൂർ 08.05.2021 ന് സമർപ്പിച്ച ലിസ്റ്റ്.

**ഭേദഗതി ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 .തിയതി.08.05.2021**

കൊറോണ വൈറസ് ബാധ (കോവിഡ് 19) ലോകവ്യാപകമായി അതിവേഗം പടരുന്ന ഒരു മഹാമാരിയായി തീർന്നിരിക്കുകയാണ്.കേന്ദ്ര സർക്കാർ കോവിഡ് 19-നെ അംഗീകൃത ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.കോവിഡ്-19 രോഗ വ്യാപനത്തിന്റെ രണ്ടാം തരംഗം രാജ്യത്ത് പ്രകടമായി തുടങ്ങിയ സാഹചര്യത്തിൽ രോഗ വ്യാപനം നിയന്ത്രിക്കുന്നതിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സൂചന 1,2 എന്നിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30(2)V,34(a) എന്നിവ പ്രകാരം ദുരന്ത നിവാരണ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ദുരന്ത നിവാരണ അതോറിറ്റിയെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. ആയതുപ്രകാരം സൂചന 3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയതു പ്രകാരം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സൂചന 4 പ്രകാരം ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചു കൊണ്ട്

ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം നിയമിച്ച ഉദ്യോഗസ്ഥർക്ക് 08.05.2021 മുതൽ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗണിന്റെ സാഹചര്യത്തിൽ നിയോഗിക്കപ്പെട്ട പ്രദേശങ്ങളിൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് ബോധ്യപ്പെട്ടിടിട്ടുള്ളതിനാൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ,ജില്ലാ മജിസ്ട്രേറ്റും, ജില്ലാ കളക്ടറുമായ എസ് ഷാനവാസ്, ഐ എ എസ് എന്ന ഞാൻ ദുരന്തനിവാരണ നിയമം-2005 ലെ സെക്ഷൻ 26,30,34 എന്നിവ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിലേയ്ക്ക്, സൂചന 5 പ്രകാരം ലഭ്യമായിട്ടുള്ള ലിസ്റ്റ് പ്രകാരം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നോഡൽ ഓഫീസർമാരായി താഴെ പട്ടികയിൽ പറയും പ്രകാരം ഉദ്യോഗസ്ഥരെ നിയമിച്ചു കൊണ്ട് ഇതിനാൽ ഭേദഗതി ഉത്തരവാകുന്നു.

| SL NO | Name of Newly Posted employee | Nsme of Employee posted in the last order | DESIGN. | MOBILE NO. | OFICE | Assigned to LSGI |
|---|---|---|---|---|---|---|
| 1 | Renny Antony | Santhoshkumar M S | EO | 9495845380 | Block irinjalakuda | Annamanada GP |
| 2 | Suresh T | Dinilkumar P K | EO | 9447489964 | Block CHALAKUDY | Athirappilly GP |
| 3 | Antony V O | Vijayakrishnan | City Mission Manager, NULM | 9895692838 | District Mission, Kudumbashree, Thrissur | Chalakudy Municipality |
| 4 | Amitha MK | Additional Appointment | EO G | 9497633996 | Block Cherppu | Chavakkad Municipality |
| 5 | Visak | Ranjith Alex | LBC | 8086673619 | Kudumba Sree DM | Choondal GP |
| 6 | Remya T | Saji Abraham | DDU GKY | 9744745705 | Kudumba Sree DM | Desamangalam GP |
| 7 | Vineesha CV | Gireesan | DDU GKY | 9745548681 | Kudumba Sree DM | Edathiruthi |
| 8 | Ramya P | Yatheendradas | MTP DMC |  | Kudumba Sree DM | Elavally GP |
| 9 | Geetha C | Mini M N | EO | 9400878356 | Block Wadakkanchery | Erumappetty |
| 10 | Rajesh MC | Additional Appointment | Asst Town Planner | 9400187707 7907335446 | District Town Plaaner Officer, Thrissur | Guruvayur Municipality |
| 11 | Robin CA | Additional Appointment | JBDO | 9446576943 | Block Irinjalakuda | Irinjalakuda Municipality |
| 12 | Sajeesh PA` | Additional Appointment | EO | 9544808751 | Block Mala | Irinjalakuda Municipality |
| 13 | Shafna P | Sreesanth | Livelihood BC | 8129772076 | Kudumba Sree DM | KADANGODE GP |
| 14 | Viswajith MV | Sebin L T | DDU GKY | 9400234421 | Kudumba Sree DM | Kadavallur GP |
| 15 | Shabana K | Bindu V S | Assistant Engineer | 9496349407 | LSGD Sub Division, Puzhakkal | Kaiparambu GP |

| | | | | | | |
|---|---|---|---|---|---|---|
| 16 | Deepa KV | Rahna P Anand | EO | 8590653126 | Block irinjalakuda | Kattur GP |
| 17 | Bijoy Mohan K | Additional Appointment | Asst Town Planner | 7593020410 | District Town Plaaner Officer, Thrissur | Kodungallur Municipality |
| 18 | Mini MN | Geetha C | EO | 9947327622 | Block Pazhayannur | Kondazhi GP |
| 19 | Anishya KS | Additional Appointment | Assistant Engineer | 8086958740 | LSGD Sub Division, Chavakkad | Kunnamkulam Municipality |
| 20 | Renjith Alex | Additional Appointment | City Mission Manager, NULM | 9809898354 | District Mission, Kudumbashree, Thrissur | Kunnamkulam Municipality |
| 21 | Lohithakshan EM | Adarsh P Dhayal | EO(H) | 9447829931 | Vellangallur Block | Kuzhur GP |
| 22 | Shine MD | Sheena Philip | EO | 9946005200 | Block Chowannur | Madakkathara GP |
| 23 | Gireesan | Rekha V R | EO | 8129534987 | Block Mathilakam | Mathilakam GP |
| 24 | Adarsh P Dayal | Narendranath P M | District Programme Manager | 9446229754 | District Mission, Kudumbashree, Thrissur | Melur GP |
| 25 | Louly PR | Laisha P Ashokan | JBDO | 9447649129 | block Kodakara | Muriyad GP |
| 26 | Divya | Deepa K N | MIS BC | 8921599841 | Kudumba Sree DM | Nadathara GP |
| 27 | Thomas K Thomas | Sholy TT | GEO | 9747536264 | Block Anthikad | Orumanayour |
| 28 | Saji Abraham | Shabana K | EO | 9747727717 | Block Pazhayannur | Panjal GP |
| 29 | Sreesanth | Thankam Varghese | GEO | 9809880242 | BLOCK OLLUKKARA | PARALAM GP |
| 30 | Radhakrishnan KS | Jayanthi | EO | 9745750078 | Block Chalakudy | Pariyaram |
| 31 | Dinilkumar TK | Suresh T | GEO | 9497683147 | Block Mala | Poomangalam GP |
| 32 | Yatheendradas | Sajitha T B | JBDO | 9495528693 | Block Ollukkara | Pudukkad |
| 33 | Hima George | Lovely P R | DDU GKY | 9567245736 | Kudumba Sree DM | Puthenchira GP |
| 34 | Sheena Philip | Abdul Jalal | EO | 9496881551 | Block Thalikulam | Thannyam GP |
| 35 | Santhoshkumar MS | Shine M D | EO(H) | 8848437720 | Irinjalakuda block | Thrikkur GP |
| 36 | Deepa K N | Vineetha A K | District Programme Manager | 8078085443 | District Mission, Kudumbashree, Thrissur | Thrissur Corporation |
| 37 | Narendanadh PM | Additional Appointment | JBDO (RH) | 9446335804 | Chalakudy Block | Thrissur Corporation |
| 38 | Sajan VR | Additional Appointment | EO | 9446080532 | Block Ollukkara | Thrissur Corporation |
| 39 | Anitha KS | Deepa K V | DDU GKY | 9895423260 | Kudumba Sree DM | Vallachira GP |
| 40 | Sajitha TB | Antony V N | Junior Supdt | 9495570878 | Panchayat Performance Audit Thrissur | Varantharappilly GP |
| 41 | Bineesh Job | Shanmughan K A | LBC | 8083555302 | Kudumba Sree DM | Varavoor GP |
| 42 | Jayanthi PK | Radhakrishnan K | EO(H) | 7510670287 | Chavakad Block | Venkidangu |
| 43 | Sijukumar | Additional Appointment | CMMU | 9447693642 | Kudumba Sree DM | Wadakkancherry Municipality |

മേൽ ഉദ്യോഗസ്ഥർക്ക് താഴെ പറയുന്ന ചുമതലകളിൽ ഒന്നോ അതിലധികമോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സെക്രട്ടറിയുമായി ചർച്ചചെയ്ത് തീരുമാനിച്ച് നൽകേണ്ടതാണ്.

01. ഐ ഇ സി പ്രവർത്തനങ്ങളുടെ ഏകോപനം
02. കോവിഡ് വാർഡ്തല സമിതിയുടെയും ആർ ആർ ടി കളുടെയും ആരോഗ്യ ജാഗ്രത സമിതികളുടെയും പ്രവർത്തനങ്ങളുടെ ഏകോപനം
03. വീടുകളെ അടിസ്ഥാനപ്പെടുത്തിയും സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം.
04. കോണ്ടാക്ട് ട്രെയ്സിംഗ്, ടെസ്റ്റിംഗ്, കോവിഡ് പ്രോട്ടോകോളും നിയന്ത്രണങ്ങളും സമയാസമയം പാലിക്കുന്നതിനുള്ള കമ്മ്യൂണിറ്റി സർവേയ്ലൻസിനുള്ള ഏകോപനം.
05. കമ്മ്യൂണിറ്റി സർവേയ്ലൻസ്, കമ്മ്യൂണിറ്റി കൗൺസിലിംഗ്, ഭക്ഷ്യകിറ്റുവിതരണം തുടങ്ങിയ ഉത്തരവാദിത്വങ്ങൾക്കായി കുടുംബശ്രീ സി ഡി എസ് നെ ഏകോപിപ്പിക്കുക.
06. മേൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്നദ്ധ സേനയിലുള്ള വളണ്ടിയർമാരുടെ പ്രവർത്തന ഏകോപനം.
07. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽപ്പ് ഡെസ്കിൻെറയും എമർജൻസി കൺട്രോൾ റൂമിൻെറയും ഏകോപനം.
08. ദിവസേനയുള്ള കണക്കുകൾ ആരോഗ്യവകുപ്പിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും സമർപ്പിക്കുന്നതിനുള്ള ഏകോപനം, കോവിഡ് ജാഗ്രത പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതുൾപ്പെടെയുള്ള ഡാറ്റാ അപ്ഡേഷൻ ഉത്തരവാദിത്വങ്ങൾ.
09. ആരോഗ്യവകുപ്പിൻെറ നിർദ്ദേശങ്ങൾക്കനുസൃതമായി വാക്സിനേഷൻ മൊബിലൈസേഷൻ സ്ട്രാറ്റജിയുടെ ഏകോപനം.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിന്റെയും (ഉണ്ടെങ്കിൽ) ഡൊമിസൈലിയറി കെയർസെൻററുകളുടെയും മേൽനോട്ടം
11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ ഏല്പിക്കുന്ന മറ്റു ഉത്തരവാദിത്വങ്ങൾ.

ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് മുകളിലോ, സമാന്തര റിപ്പോർട്ടിംഗ് അധികാരിയായോ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി എല്ലാവിവരങ്ങളും നോഡൽ ആഫീസറെ ധരിപ്പിക്കേണ്ടതാണ്. നോഡൽ ആഫീസറെ പഞ്ചായത്ത് നഗരസഭ തലത്തിലെ കോവിഡ് പ്രതിരോധ സമിതിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

നോഡൽ ആഫീസർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഏറ്റെടുത്ത പ്രവർത്തനങ്ങളെയും കണ്ടെത്തിയ പ്രശ്നങ്ങളെയും കുറിച്ചുള്ള റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും തദ്ദേശ സ്വയംഭരണ വകുപ്പിനും (കോവിഡ് വാർ റൂമിനും) സമർപ്പിക്കുന്നതിന് മുമ്പായി പ്രസിഡണ്ടിനും, സെക്രട്ടറിയ്ക്കും നൽകേണ്ടതാണ്. ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങളുടെയും പ്രശ്ന പരിഹാരങ്ങളെയും എത്തിക്കേണ്ട വിഷയങ്ങളെയും പറ്റിയുള്ള കൃത്യമായ വിവരങ്ങൾ സെക്രട്ടറിയെ ധരിപ്പിക്കേണ്ടതാണ്.

നോഡൽ ആഫീസർമാർ വാർറൂമുമായി നിരന്തരം ബന്ധപ്പെടുകയും അടിയന്തര സാഹചര്യങ്ങളും ,മറ്റു ഉടലെടുക്കുന്ന പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. കോവിഡ് കേസുകളിൽ പെട്ടെന്നുള്ള വർദ്ധനവ് സൂപ്പർ സ്പ്രെഡർ ഈവൻറുകളുടെ റിപ്പോർട്ടിംഗ്, ആശുപത്രി കിടക്കയുടെ ദൗർലഭ്യത്തെ മുൻകൂട്ടി കാണൽ, ഹോം ഐസൊലേഷൻ മാർഗ്ഗരേഖ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സ്റ്റാഫിൻെറ ദൗർലഭ്യം എന്നിവ വാർ റൂമിൽ അറിയിക്കേണ്ടതാണ്.

**മാതൃസ്ഥാപനത്തിൽ നിന്നും വർക്കിംഗ് അറേയ്ഞ്ച്മെൻറിലായിരിക്കും പ്രസ്തുത ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്**

*മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്.*

***(2021 മെയ് 08-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്:

1. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
2. ജില്ലയിലെ എല്ലാ എം.എൽ. എ മാർക്കും
3. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ

4. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് (ദുരന്തനിവാരണം) തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. കമ്മീഷണർ, ദുരന്ത നിവാരണം തിരുവനന്തപുരം
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
8. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും (അറിവിലേക്കും തുടർനടപടികൾക്കുമായി)
9. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തൃശ്ശൂർ (ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് തുടർനടപടികൾക്കായി)
10. ഡെപ്യൂട്ടി കളക്ടർ ഡിസാസ്റ്റർ മാനേജ്മെൻറ്
11. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിൻെറ സി എ യ്ക്ക്
12. സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ
13. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
14. ജില്ലാ ഇൻഫർമേഷൻ ആഫീസർ തൃശ്ശൂർ (മേൽ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി )
15. ജില്ലാ ഇൻഫർമേറ്റിക്സ് ആഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
16. കെ 6 സീറ്റ്
17. സ്റ്റോക്ക് ഫയലിലേക്ക്.